**രജിസ്റ്റേർഡ് (എഡി സഹിതം)**


**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in


---

**DHS/6765/2025-EA4** തീയതി. **12-12-2025**

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ആരോഗ്യവകുപ്പ്-ഡോ അപർണ എസ് വിദ്യ, അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം:
1. A3-305/2024/ഹെൽത്ത് തീയതി 16.08.2025
2. എ1/129/2021/ആകുവ തീയതി 23.12.2021
3. ഡോ അപർണ എസ് വിദ്യയുടെ അപേക്ഷ തീയതി 02.12.2020
4. കത്ത് നം ഇഎ4- 865533/2021/ആവഡ തീയതി 22.10.2021
5. എ1- 1818/2019/ജിമെആ പാലക്കാട് തീയതി 24.09.2019

ഡോ അപർണ എസ് വിദ്യ (Dr Aparna S Vidya PEN 871791) എന്ന താങ്കൾ പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ 26.07.2019 ന് ജോലിയിൽ പ്രവേശിക്കുകയും 28.08.2019 മുതൽ ഫെലോഷിപ്പിനായുള്ള നിരാക്ഷേപ പത്രത്തിനും ഒരു വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്കും സമർപ്പിച്ച അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നതിന് മുൻപായി സേവനത്തിൽ നിന്നും വിട്ടു നില്ക്കുകയും ചെയ്തു. ടി കാലവധിയ്ക്കുശേഷം തിരികെ പ്രവേശിക്കുന്നതിന് പരാമർശം (3) പ്രകാരം 2.12.2020 തീയതി രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചു. പരാമർശം (2) പ്രകാരം ടി അപേക്ഷ നിരസിച്ചതായി സർക്കാർ അറിയിച്ചു. 26.07.2019 തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ

പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ **28.08.2019** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് **II** റൂൾ **19 (a) (ii)** പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

**(2)** ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് **15** (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 12-12-2025 13:52:53

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Aparna S Vidya,**

**Kousthubham, Thottungal,**

**Ramanattukara PO, Calicut 673633**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പാലക്കാട്.

3. സൂപ്രണ്ട്,

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട്.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ